## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1620

05.12.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻ കുട്ടി | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ ; | (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് 'മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം' എന്ന പേരിൽ 14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) ഓരോ ജില്ലയുടെയും ആസ്ഥാനത്ത് മാത്രം കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നത് കൊണ്ട് മറ്റ് പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾ അവിടെ എത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ? | (ബി) ഉണ്ട്. ന്യൂനപക്ഷ സംഘടനകളോ, സ്ഥാപനങ്ങളോ ആവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കുന്ന പക്ഷം ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം മാത്രം നൽകി പരിശീലന ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനകം 21 പരിശീലന ഉപകേന്ദ്രങ്ങൾ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ